**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 313** **01-02-2023 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ കർഷകർക്ക് ലഭിക്കുവാനുള്ള കുടിശിക**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ കർഷകർക്ക് ലഭിക്കുവാനുള്ള കുടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കാമോ; ആയത് അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | സപ്ലൈകോ നാളിതുവരെ (27.01.2023) നെല്ല് സംഭരിച്ച ഇനത്തിൽ 46292 കർഷകർക്കായി 369.29 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്, 27815 കർഷകർക്ക് 189.37 കോടി രൂപ നൽകുവാനുണ്ട്. **തുക നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | നെല്ല് സംഭരണത്തിൽ നിലവിൽ തടസ്സങ്ങളോ ബുദ്ധിമുട്ടുകളോ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി 2022 ജൂലൈ മാസം മില്ലുകളെ ക്ഷണിച്ചുകൊണ്ട് താൽപ്പര്യപത്രം പുറപ്പെടുവിക്കുകയും 2022 ആഗസ്റ്റ് ഒന്നാം തീയതി മുതൽ കർഷക രജിസ്ട്രേഷൻ ആരംഭിക്കുകയും സെപ്റ്റംബർ 30 മുതൽ പാടങ്ങൾ മില്ലുകൾക്ക് അനുവദിച്ച് കൊടുത്തുകൊണ്ട് നെല്ല് സംഭരണം ആരംഭിക്കുകയും ചെയ്തു. നിലവിൽ നെല്ല് സംഭരണത്തിനായി 61 മില്ലുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2023 ജൂൺ മാസം വരെ നെല്ല് സംഭരണം തുടരുന്നതാണ്. |
| (സി) | കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിക്കുക വഴി അരിയുടെ വിലസ്ഥിരത ഉറപ്പു വരുത്താൻ സാധിച്ചിട്ടുണ്ടോ; ഇതര സംസ്ഥാനങ്ങളിൽ നിന്ന് അരി വാങ്ങുന്നത് ഇതുമൂലം കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ആയതിൽ വന്ന കുറവ് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. സപ്ലൈകോ സംഭരിക്കുന്ന നെല്ല് അരിയാക്കി കേന്ദ്രപൂളിൽ ഉൾപ്പെടുത്തി റേഷൻകട വഴി വിതരണം ചെയ്യുന്നത് വഴി പൊതു വിപണിയിലെ അരിവില പിടിച്ചു നിർത്തുവാൻ കഴിയുന്നുണ്ട്. സപ്ലൈകോ സംഭരിക്കുന്ന നെല്ല് അരിയാക്കി സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിൽപ്പന നടത്തുന്നതിന് തികയാത്തതിനാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങുന്നതിൽ വ്യത്യാസം വരുന്നില്ല. സപ്ലൈകോ സബ്സിഡി നിരക്കിലും ഫ്രീ സെയിൽ നിരക്കിലും അരി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത് റേഷൻ വിതരണത്തിന് പുറമെയുള്ള ആവശ്യകതയ്ക്കനുസരിച്ചാണ്. ആയത് ഓരോ |

| | | | |
|---|---|---|---|
| | | | പ്രദേശത്തെയും ഉപയോഗത്തിനനുസരിച്ച് (ജയ, കുറുവ, പച്ചരി, മട്ട ഉണ്ട, മട്ടവടി) ആണ്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് അരി വാങ്ങി നിശ്ചിത നിരക്കിൽ സബ്സിഡിയടക്കം നൽകി വിതരണം ചെയ്യുന്നതിനാൽ പൊതു വിപണി വില പിടിച്ചു നിർത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | അരിയുടെ വിലവർദ്ധനവ് തടയുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | അരിയുടെ വില വർദ്ധനവ് തടയുന്നതിന്റെ ഭാഗമായി 2016 മുതൽ പച്ചരി, മട്ടഅരി, ജയ, കുറുവ അരി എന്നിവ സബ്സിഡി നിരക്കിൽ മാറ്റം വരുത്താതെ ഗുണനിലവാരം ഉറപ്പ വരുത്തി സപ്ലൈകോ മുഖേന ജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. വില വിവരം അനുബന്ധമായി ചേർക്കുന്നു. കൂടാതെ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ, ഫ്രീ സെയിൽ നിരക്കിൽ അരി ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം നൽകിവരുന്നു.<br><br>**<u>അരി വണ്ടി</u>**<br><br>പൊതുവിപണിയിലെ അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തിര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02-11-2022 മുതൽ 08.11.2022 വരെ 6 ദിവസത്തേക്ക് (06.11.2022 ഞായർ അവധി) എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. ഇതിലൂടെ 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ (23,24,25 രൂപയ്ക്ക്) വിൽപ്പന നടത്തിയത്. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് അരി വണ്ടിയുടെ സേവനം ക്രമീകരിച്ചത്. |
| (ഇ) | നെല്ല് സംഭരണത്തിൽ കാലതാമസം വരുന്നതുകൊണ്ട് കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ? | (ഇ) | കർഷകരുടെ പക്കൽ നിന്നും നെല്ല് സംഭരിക്കാൻ കാലതാമസം നേരിടുന്ന സാഹചര്യം നിലവിലില്ല. കേരളത്തിൽ പ്രവർത്തിക്കുന്ന 61 മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് സപ്ലൈകോയിൽ പേര് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് കേന്ദ്ര സർക്കാർ ഗുണനിലവാര മാനദണ്ഡം പ്രകാരമുള്ള നെല്ല് തടസ്സങ്ങൾ ഇല്ലാതെ സംഭരിക്കപ്പെടുന്നുണ്ട്. വിളവെടുപ്പിന് മുന്നേതന്നെ മില്ലുകൾക്ക് പാടശേഖരം അനുവദിച്ച് നൽകുന്നതിലൂടെ വിളവെടുപ്പിനൊപ്പം സംഭരണം സമയബന്ധിതമായി നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | 2022-23 സീസണിൽ 25.01.2023 വരെ ആകെ 74544 കർഷകരിൽ നിന്നായി 1.98 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 2023 ജൂൺ മാസം വരെ രജിസ്റ്റർ ചെയ്യുന്ന കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതാണ്. മേൽ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് കർഷകർക്ക് നഷ്ടം സംഭവിച്ചതായി അറിവില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നമ്പർ | അരി | വിൽപ്പന വില (സബ്സിഡി നിരക്ക്) |
|---|---|---|
| 1 | ജയ അരി | 25.00 |
| 2 | കുറുവ അരി | 25.00 |
| 3 | പച്ചരി | 23.00 |
| 4 | മട്ട അരി | 24.00 |